"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - സംസ്ഥാനതല ഓണം വാരാഘോഷം 2023 – വൈദ്യുത ദീപാലങ്കാര സജ്ജീകരണത്തിന് അനുമതി നൽകിക്കൊണ്ടും നിർദ്ദിഷ്ട മേഖലകളെ ഉത്സവമേഖലയായി പ്രഖ്യാപിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.418/2023/TSM തീയതി,തിരുവനന്തപുരം, 19-08-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.352/2023/ടൂറിസം തീയതി 14.07.2023
2. സ.ഉ.(സാധാ) നം.363/2023/ടൂറിസം തീയതി 23.07.2023
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 01.08.2023-ലെ DOT/7036/2023 -എം2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഓണം വാരാഘോഷപരിപാടികൾ 2023 ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 2 വരെ തലസ്ഥാനത്തും, ജില്ലാ ആസ്ഥാനങ്ങളിലുമായി സംഘടിപ്പിക്കുവാനും സെപ്റ്റംബർ 2 ന് തിരുവനന്തപുരത്ത് നടക്കുന്ന വർണ്ണപൊലിമയോടു കൂടിയ ഘോഷയാത്രയോടെ സമാപനം കുറിക്കുവാനും തീരുമാനിച്ചിരിക്കുന്നു. ആയതിനോടനുബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു :-

i. ഓണം വാരാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രദേശത്തെ ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 2 വരെ ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നു.

ii. കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെയും തലവന്മാർക്ക് അവരവരുടെ കാര്യാലയങ്ങളിൽ വൈദ്യുത ദീപാലങ്കാരം ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 2 തീയതി വരെ ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. ആയതിനായി തനത് ഫണ്ടിൽ നിന്നും പരമാവധി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു. എന്നാൽ വലിയ കെട്ടിടങ്ങൾക്കും,

ചെറിയ കെട്ടിടങ്ങൾക്കും ഒരു പോലെ തുക വിനിയോഗിക്കുന്നത് യുക്തമല്ലാത്തതിനാൽ, സ്ഥാപനങ്ങൾ പരമാവധി ചെലവ് കുറച്ച് തുക വിനിയോഗിക്കേണ്ടതും, ഓരോ വകുപ്പിന്റെയും വൈദ്യുതാലങ്കാരം സംബന്ധിച്ച എസ്റ്റിമേറ്റ് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ് / ഇലക്ട്രിക്കൽ) ൽ കുറയാത്ത ഉദ്യോഗസ്ഥന്റെ അംഗീകാരം തേടേണ്ടതും, ഓരോ കെട്ടിടത്തിന്റെയും വലിപ്പം അനുസരിച്ച് ചെലവ് ബന്ധപ്പെട്ട പൊതുമരാമത്ത് ഉദ്യോഗസ്ഥൻ ക്രമപ്പെടുത്തേണ്ടതുമാണ്.

**iii.** ഓണാഘോഷ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് കവടിയാർ മുതൽ മണക്കാട് വരെയുള്ള റോഡിനിരുവശവുമുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹായ സഹകരണവും ഉറപ്പു വരുത്തി കൊണ്ട് അവരവരുടെ സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**iv.** ഓണാഘോഷം **2023** ന്റെ ഭാഗമായി ഓണാഘോഷ സമാപന ഘോഷയാത്രയിൽ ഫ്ലോട്ടുകൾ അവതരിപ്പിക്കുന്നതിന് സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും, പൊതുമേഖലാസ്ഥാപനങ്ങളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തലവന്മാർക്ക് സ്വന്തം ഫണ്ടിൽ നിന്നും പരമാവധി **4,00,000/-** രൂപ (നാല് ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

**v.** ആഗസ്റ്റ് **26** മുതൽ സെപ്റ്റംബർ **2** വരെയുള്ള ഉത്സവ കാലയളവിൽ നിർദ്ദിഷ്ട ഉത്സവമേഖലയിലെ പ്രധാന റോഡിനിരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾ, തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ചടങ്ങുകളോ പരിപാടികളോ സംഘടിപ്പിക്കുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നോ വിനോദസഞ്ചാര വകുപ്പിൽ നിന്നോ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

**vi.** ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹായ സഹകരണവും ഉറപ്പാക്കുന്നതിനും ദീപാലങ്കാരം ഏർപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കാനും വേണ്ട നടപടികൾ വിനോദ സഞ്ചാര ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

ധനകാര്യ വകുപ്പ്.

പൊതുമരാമത്ത് വകുപ്പ്.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ്) വകുപ്പ്.

വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ, പാർക്ക് വ്യൂ, തിരുവനന്തപുരം.

എല്ലാ വകുപ്പ് മേധാവികൾക്കും (വിനോദസഞ്ചാര ഡയറക്ടർ മുഖേന).

ജില്ലാ കളക്ടർ, തിരുവനന്തപുരം.

എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന).

എല്ലാ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന).

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്കും (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 19-08-2023 13:21:53
സെക്ഷൻ ഓഫീസർ

പകർപ്പ് :

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2.ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

3. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.

4. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്.